# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3457 — 19/10/2016 -ൽ മറുപടിക്ക്

## "ജലനിധി" പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമ പഞ്ചായത്തിൽ "ജലനിധി"പദ്ധതിക്ക് എം.എൽ.എ ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് (സ.ഉ (സാധാ) നം. 717/2015/ ഡബ്ല്യുആർഡി തീയതി 24/08/2015) ഇറങ്ങി ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ ഈ പദ്ധതി മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട 16/07/2016 തീയതിയിലെ എഫ്.എം-3/93/2016/ ത.സ്വ.ഭ.വ നംപർ ഫയൽ സെക്രട്ടേറിയറ്റിൽ നടപടികൾക്കായി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനം നടന്നു വരുന്നു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ പഞ്ചായത്ത് വിഹിതത്തിലേക്ക് അനുവദിച്ചുകൊണ്ട് 24/8/2015-ലെ സ.ഉ. (സാധാ.) നം. 717/15/ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായെങ്കിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രത്യേക ഉത്തരവ് ഇല്ലാത്തതിനാൽ ട്രഷറിയിൽ നിന്നും തുക അനുവദിക്കുന്നതിന് വിസമ്മതിക്കുകയുണ്ടായി. തുടർന്ന് 16/7/2016-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് പ്രകാരം ജലവിഭവ വകുപ്പിന്റെ 24/8/2015 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 25 ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും, എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 6/10/2016-ൽ മേൽ പറഞ്ഞ തുക അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയും തുക ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

JSK/

| | |
|---|---|
| (സി) ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കി ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) തുക പഞ്ചായത്തിന് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/